**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 77</u>** **<u>16-09-2025 - ൽ മറുപടിയ്ക്ക്</u>**

**<u>വെള്ളറട പോലീസ് സ്റ്റേഷൻ - ക്രൈം നമ്പർ 173/25</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിലെ വെള്ളറട പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 173/25 പ്രകാരം രജിസ്റ്റർ ചെയ്ത കേസിലെ അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം ജില്ലയിലെ വെള്ളറട പോലീസ് സ്റ്റേഷൻ ക്രൈം നം. 173/2025 U/s 103 BNS പ്രകാരം രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം പൂർത്തിയാക്കി പ്രതികൾക്കെതിരെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും ആയത് CP. 75/2025 പ്രകാരം ബഹു. നെയ്യാറ്റിൻകര അസിസ്റ്റന്റ് സെഷൻസ് കോടതിയുടെ പരിഗണനയിലുമാണ്. |
| (ബി) | മകന്റെ ചൈനയിലെ എം. ബി. ബി. എസ്. പഠനത്തിന് വേണ്ടി ആലപ്പുഴയിലെ ഏഷ്യൻ എഡ്യൂക്കേഷണൽ കൺസൽട്ടൻസി സ്ഥാപന ഉടമ പണം വാങ്ങി കബളിപ്പിച്ചതാണ് കൊലപാതകത്തിലേക്ക് നയിച്ചതെന്ന കൊല്ലപ്പെട്ട ജോസിന്റെ ഭാര്യയുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ സ്ഥാപന ഉടമയ്ക്കെതിരെ കേസ് എടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇല്ല. |
| (സി) | ഈ കേസിലെ അന്വേഷണ ഉദ്യോഗസ്ഥൻ ആരാണെന്നും തട്ടിപ്പ് നടത്തിയ ആളെ സഹായിക്കുന്ന നിലപാട് ഈ ഉദ്യോഗസ്ഥൻ സ്വീകരിച്ചിട്ടുണ്ടോയെന്നും അന്വേഷിക്കുമോ; | (സി) | വെള്ളറട ISHO ആണ് ഈ കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥൻ. അന്വേഷണ ഉദ്യോഗസ്ഥൻ തട്ടിപ്പ് നടത്തിയ ആളെ സഹായിക്കുന്ന നിലപാട് സ്വീകരിച്ചിട്ടുള്ളതായി വെളിവായിട്ടില്ല. |
| (ഡി) | പ്രസ്തുത സ്ഥാപന ഉടമയ്ക്കെതിരെ ആലപ്പുഴ, എറണാകുളം ജില്ലകളിലുള്ള കേസുകളുടെ അവസ്ഥ വിശദീകരിക്കുമോ; | (ഡി) | പ്രസ്തുത സ്ഥാപന ഉടമയ്ക്ക് എതിരായി ആലപ്പുഴ, എറണാകുളം ജില്ലകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ വിവരം ചുവടെ ചേർക്കുന്നു. |

| ജില്ല | പോലീസ് സ്റ്റേഷൻ | ക്രൈം നമ്പർ & സെക്ഷൻ | നിലവിലെ സ്ഥിതി |
|---|---|---|---|

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td>കൊച്ചി സിറ്റി</td><td>എറണാകുളം സെൻട്രൽ</td><td>4000/2023 U/s 420, 403, 406, 294(b), 506 IPC</td><td>UI</td></tr>
<tr><td>ആലപ്പുഴ</td><td>ആലപ്പുഴ നോർത്ത്</td><td>303/2025 U/s 318(4), 351(2) BNS</td><td>PT</td></tr>
<tr><td>ആലപ്പുഴ</td><td>ആലപ്പുഴ നോർത്ത്</td><td>996/2025 U/s 318(4) BNS</td><td>UI</td></tr>
<tr><td>ആലപ്പുഴ</td><td>ആലപ്പുഴ നോർത്ത്</td><td>997/2025 U/s 318(4) BNS</td><td>UI</td></tr>
</table>
</td>
</tr>
<tr>
<td>(ഇ)</td>
<td>തട്ടിപ്പ് നടത്തി വൻതോതിൽ സ്വത്ത് സമ്പാദിച്ച പ്രസ്തുത സ്ഥാപന ഉടമക്കെതിരെ അനധികൃത സ്വത്ത് സമ്പാദനം അടക്കമുള്ള വിഷയങ്ങളിൽ അന്വേഷണം നടത്തുവാൻ സംസ്ഥാന പോലീസ് ക്രൈം ബ്രാഞ്ച് വിഭാഗത്തെ നിയോഗിക്കുമോയെന്ന് വിശദമാക്കാമോ?</td>
<td>(ഇ)</td>
<td>ഈ വിഷയം സംബന്ധിച്ച് അന്വേഷണത്തിലുള്ള കേസുകളുടെ അന്തിമ റിപ്പോർട്ട് പരിശോധിച്ചതിനു ശേഷം ആവശ്യമെങ്കിൽ തുടരന്വേഷണത്തെക്കുറിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ